പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2742** **21.06.2012 - ൽ മറുപടിക്ക്**

**<u>സംഭരിച്ച നെല്ലിൻെറ കുടിശ്ശിക തുക</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| **ശ്രീ. തോമസ് ചാണ്ടി** | **ശ്രീ. അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)** |
| എ) സിവിൽസപ്ലൈസ് സംഭരിച്ച നെല്ലിൻെറ കുടിശ്ശിക തുക കർഷകർക്ക് നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ; | എ) സപ്ലൈകോ സംഭരിക്കുന്ന നെല്ലിന്റെ വില കർഷകർക്കു നൽകുന്നതിനു വേണ്ടി പാലക്കാട്, തൃശ്ശൂർ, കോട്ടയം, മങ്കൊമ്പ്, തിരുവനന്തപുരം,കോഴിക്കോട് എന്നിവിടങ്ങളിൽ പാഡി പെയ്മെന്റ് ഓഫീസുകൾ തുറന്നിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കുന്ന സബ്സിഡിയും ബാങ്കുകളിൽ നിന്നുളള ലോണും ഉപയോഗിച്ച് സപ്ലൈകോ സമയബന്ധിതമായി കർഷകരുടെ നെല്ലിന്റെ വില അവരുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുകയാണ് ചെയ്യുന്നത്. |
| ബി) എത്ര കർഷകർക്കായി എത്ര തുക കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) ഏകദേശം 35000ത്തോളം കർഷകർക്കായി 161.47 കോടി രൂപ നൽകുവാനുണ്ട്. |
| സി) പ്രസ്തുത തുക എത്ര ദിവസത്തിനകം അനുവദിക്കുമെന്ന് വിശദമാക്കുമോ; | സി) ഫണ്ടിൻെറ ലഭ്യത അനുസരിച്ച് അടിയന്തിരമായി കൊടുത്തു തീർക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| ഡി) വരുംവർഷങ്ങളിൽ നെല്ലിൻെറ തുക കർഷകർക്ക് കാലതാമസം കൂടാതെ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | ഡി) സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ.